**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7784 — 15/07/2014 ൽ മറുപടിയ്ക്ക്

## ആഗോളതാപനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബാബു എം. പാലിശ്ശേരി** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**വനവും പരിസ്ഥിതിയും ഗതാഗതവും**<br>**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി** |
| (എ) ആഗോളതാപനത്തിന്റെ ഫലമായി സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനങ്ങളും, പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാകുന്നത് കണക്കിലെടുത്ത് ഏതെങ്കിലും വിദഗ്ധ ഏജൻസിയെക്കൊണ്ട് പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ അവയുടെ കണ്ടെത്തലുകൾ എന്തൊക്കെയാണ് വിശദാംശം വ്യക്തമാക്കുമോ; | (എ) ആഗോളതാപനവുമായി ബന്ധപ്പെട്ട് പല പഠനങ്ങളും നടത്തി വരുന്നുണ്ട്. കേരളത്തിലെ തീര പ്രദേശങ്ങളിൽ സമുദ്ര നിരപ്പ് ഉയരുന്നതു മൂലം ഉണ്ടാകാവുന്ന ആഘാതങ്ങളെ കുറിച്ച് ഭൌമശാസ്ത്ര പഠന കേന്ദ്രം തിരുവനന്തപുരം പഠനം നടത്തുന്നുണ്ട്. കാലാവസ്ഥയിൽ ഉണ്ടാവുന്ന മാറ്റങ്ങളെ കുറിച്ച് പഠിക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ബാംഗ്ലൂരിനെയും, തണ്ണീർത്തട ആവാസവ്യവസ്ഥയേയും കാലാവസ്ഥ വ്യതിയാനത്തേയും കുറിച്ച് പഠിക്കാൻ CUSAT നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠനങ്ങൾ പൂർത്തിയായിട്ടില്ല. |
| (ബി) ആഗോളതാപനത്തിന്റെ ആഘാതം സംസ്ഥാനത്ത് അനുഭവപ്പെടുന്നത് ഗണ്യമായി കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) ആഗോളതാപനത്തിന്റെ ആഘാതം സംസ്ഥാനത്ത് അനുഭവപ്പെടുന്നത് ഗണ്യമായി കുറയ്ക്കാൻ കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട ബൃഹത്തായ ഒരു കർമ്മ പദ്ധതിയ്ക്ക് (സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി) രൂപം നൽകിയിട്ടുണ്ട്. കൃഷി, മത്സ്യബന്ധനം, വനം, ആരോഗ്യം, ഊർജ്ജം, നഗരവൽക്കരണവും ഗതാഗതവും, വിനോദ സഞ്ചാരം എന്നീ മേഖലകൾ ആസ്പദമാക്കിയാണ് ഇതിന് രൂപം നൽകിയിട്ടുള്ളത്. ഇത് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ